# പത്രക്കുറിപ്പ്

11.03.2017 തീയതി നടക്കുന്ന ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ 10.03.2017 ഉച്ചകഴിഞ്ഞ് 02.00മണിമുതൽ 11.03.2017 വൈകുന്നേരം 08.00 മണിവരെ ഗതാഗത നിയന്ത്രണങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

ഈ ദിവസങ്ങളിൽ തിരുവനന്തപുരം നഗരാതിർത്തിക്കുള്ളിൽ ഒരു കാരണവശാലും ടിപ്പർ, ലോറികൾ, സിമൻറ് മിക്സർ, തടി ലോറികൾ, കണ്ടെയ്നർ ലോറികൾ, ചരക്കുവണ്ടികൾ, മുതലായ ഹെവി വാഹനങ്ങൾ പ്രവേശിക്കുന്നതിനോ നിരത്തുകളിലും സമീപത്തും പാർക്കുചെയ്യാനോ അനുവദിക്കുന്നതല്ല.

പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളിൽ നിന്നും പൊങ്കാലയ്ക്കു വരുന്നതിനും തിരിച്ചുപോകുന്നതിനുമായി ഭക്തജനങ്ങൾക്ക് പൊങ്കാല സ്പെഷ്യൽ ആയി K.S.R.T.C വാഹനങ്ങൾ സർവ്വീസ് നടത്തുന്നതാണ്. പരമാവധി ആൾക്കാർ ഈ സൗകര്യം പ്രയോജനപ്പെടുത്തേണ്ടതാണ്.പൊങ്കാലയിടുന്നതിനായി സ്വകാര്യ വാഹനങ്ങളിൽ വന്ന് നഗരത്തിൽ പാർക്ക് ചെയ്ത് ഗതാഗത പ്രശ്നങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതാണ്.

പൊങ്കാലയിടാൻ ഭക്ത ജനങ്ങൾ വരുന്ന സ്വകാര്യ വാഹനങ്ങൾ ആറ്റുകാൽ ക്ഷേത്രത്തിനു ചുറ്റുമുള്ള പ്രധാന റോഡുകളിലോ എം.സി., എൻ.എച്ച്., എം. ജി. റോഡുകളിലും ഗതാഗത തടസ്സം ഉണ്ടാക്കുന്ന രീതിയിൽ ഒരു കാരണവശാലും പാർക്കുചെയ്യാൻ പാടുള്ളതല്ല. അപ്രകാരം ഗതാഗത തടസ്സം ഉണ്ടാക്കിയോ സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാക്കിയോ പാർക്കുചെയ്യുന്ന വാഹനങ്ങൾ ഒരു മുന്നറിയിപ്പും കൂടാതെ റിക്കവറി വാഹനം ഉപയോഗിച്ച് തൽ സ്ഥലത്തുനിന്നും നീക്കം ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വകാര്യവാഹനങ്ങൾ പാപ്പനംകോട് ഇഞ്ചിനീയറിംഗ് കോളേജ്, നിറമൺകര എൻ. എസ്.എസ്. കോളേജ്, എം.എം,ആർ.എച്ച് എസ്., നിറമൺകര, ശിവ തീയേറ്റർ റോഡ് (ഒരു വശം മാത്രം പാർക്കിംഗ്), കൽപാളയം മുതൽ നിറമൺകര പെട്രോൾ പമ്പ് വരെ (ഒരു വശം മാത്രം പാർക്കിംഗ്). കോവളം കഴക്കൂട്ടം ബൈപ്പാസിനു ഇരുവശവുമുള്ള സർവീസ് റോഡുകൾ തുടങ്ങിയ സ്ഥലങ്ങളിൽ മാർഗ്ഗ തടസ്സം കൂടാതെ അവരവർക്ക് പോകേണ്ട ദിശകൾ അനുസരിച്ച് സൗകര്യപൂർവ്വം പൊങ്കാലയടുപ്പുകൾക്ക് പരമാവധി അകലെയായി പാർക്കുചെയ്യാവുന്നതാണ്.

തീപിടിത്തം ഒഴിവാക്കുന്നതിനായി പൊങ്കാല അടുപ്പുകൾക്ക് സമീപം വാഹനങ്ങൾ പാർക്ക് ചെയ്യാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

തിരുവനന്തപുരം സിറ്റിയിൽ കേരള റോഡ് ഫണ്ട് ബോർഡ് അധികൃതർ നഗരം മോടിപിടിപ്പിക്കുന്നതിൻെറ ഭാഗമായി ഫുട്പാത്തുകളിൽ വളരെ വിലയേറിയ ടൈലുകൾ പാകിയിട്ടുണ്ട് അത്തരം ടൈൽ പാകിയ ഫുട്പാത്തുകളിൽ പൊങ്കാല അടുപ്പുകൾ കൂട്ടുവാൻ പാടുള്ളതല്ല. അത്തരം സ്ഥലങ്ങളിൽ റോഡുകളിൽ പൊങ്കാല അടുപ്പുകൾ കൂട്ടാവുന്നതാണ്.

.പൊങ്കാല ഇടുന്ന സമയം അതുവഴി കടന്നുപോകുന്ന വാഹനങ്ങൾ പൊങ്കാല ഇടുന്നവർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്തരീതിയിൽ വേഗത കുറച്ച് പോകേണ്ടതാണ്.

എല്ലാ വാഹനങ്ങളിലും ഡ്രൈവർ/ സഹായി ഉണ്ടായിരിക്കേണ്ടതും അല്ലാത്തപക്ഷം ബന്ധപ്പെടുവാനുള്ള ഏതെങ്കിലും ഫോൺ നമ്പർ വ്യക്തമായ രീതിയിൽ വാഹനത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

പൊങ്കാല കഴിഞ്ഞ് ഭക്തജനങ്ങൾ മടങ്ങിപ്പോകുന്ന 11.03.2017 ഉച്ചയ്ക്ക് 02.30 മണി മുതൽ 07.00 മണിവരെ തിരുവനന്തപുരം നഗരത്തിലേയ്ക്ക് എല്ലാ ഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾക്ക് കർശന നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്.

ആറ്റിങ്ങൽ ഭാഗത്തുനിന്നും നെയ്യാറ്റിൻക്കര ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ കഴക്കൂട്ടത്തുനിന്നും കാര്യവട്ടം, ശ്രീകാര്യം വഴിയോ മുക്കോലയ്ക്കൽ, കുളത്തൂർ, ശ്രീകാര്യം വഴിയോ വന്ന് കേശവദാസപുരം, പട്ടം, പി.എം.ജി, മ്യൂസിയം, വെള്ളയമ്പലം, വഴുതക്കാട്, പൂജപ്പുര, കരമന, പ്രാവച്ചമ്പലം വഴി പോകേണ്ടതാണ്

എം.സി. റോഡുവഴി കിളിമാനൂർ, വെഞ്ഞാറമൂട് ഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ കേശവദാസപുരം,പട്ടം, കുറവൻകോണം, കവടിയാർ, വെള്ളയമ്പലം, വഴുതക്കാട്, പൂജപ്പുര, കരമന വഴി പോകേണ്ടതാണ്.

പേരൂർക്കട ഭാഗത്തു നിന്നും നെയ്യാറ്റിൻക്കര ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ ഊളമ്പാറ, പൈപ്പിൻമൂട്, ശാസ്തമംഗലം, ഇടപ്പഴിഞ്ഞി, പൂജപ്പുര, കരമന വഴി പോകേണ്ടതാണ്. പൊങ്കാല കഴിഞ്ഞു തിരികെ പോകുന്ന വാഹനങ്ങളും കരമന, കൈമനം, പാപ്പനംകോട് വഴിയും നെയ്യാറ്റിൻകര ഭാഗത്തേയ്ക്ക് പോകാവുന്നതാണ്.

നെയ്യാറ്റിൻകര ഭാഗത്തുനിന്നും ആറ്റിങ്ങൽ ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ ബാലരാമപുരം ഭാഗത്തുനിന്നും തിരിഞ്ഞ് ഉച്ചക്കട, മുക്കോല, വിഴിഞ്ഞം പൂവാർ ബൈപ്പാസ് വഴിയോ ബീച്ച് റോഡ് വഴിയോ പോകേണ്ടതാണ്.

പൊങ്കാല കഴിഞ്ഞു ആറ്റിങ്ങൽ, കൊല്ലം, ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ കഴക്കൂട്ടം വഴി ബൈപ്പാസ് റോഡിലൂടെയോ പൂന്തുറ, വലിയതുറ, ശംഖുമുഖം, വേളി, തുമ്പ, പുതുക്കുറിച്ചി, പെരുമാതുറ, പുതിയപാലം, അഞ്ചുതെങ്ങ് വഴി വർക്കല, കൊല്ലം ഭാഗത്തേയ്ക്ക് തിരക്കുകുറഞ്ഞതും വീതിയേറിയതുമായ പാത വഴി പോകാവുന്നതാണ്.

പള്ളിച്ചൽ ഭാഗത്തുനിന്നും കരമന ഭാഗത്തേയ്ക്കും, പാളയം ഭാഗത്തുനിന്നും കിഴക്കേക്കോട്ട ഭാഗത്തേയ്ക്കും, പൂജപ്പുര നിന്നും ജഗതി - ബേക്കറി ജംഗ്ഷൻ ഭാഗത്തേയ്ക്കും, കരമന ഭാഗത്തു നിന്നും കിള്ളിപ്പാലം ഭാഗത്തേയ്ക്കും മണക്കാട് ഭാഗത്തു നിന്നും കിഴക്കേക്കോട്ട ഭാഗത്തേയ്ക്കും പൊങ്കാല കഴിഞ്ഞ് ഭക്ത ജനങ്ങൾ തിരിച്ച് പോകുന്ന സമയത്ത് എതിരെ ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ കടന്നുവരാൻ അനുവദിയ്ക്കുന്നതല്ല.

ചരക്കു വാഹനങ്ങളിലും, മറ്റു വാഹനങ്ങളിലും ആളുകളെ കുത്തി നിറച്ച് അപകടം ഉണ്ടാകുന്ന രീതിയിൽ ഭക്തജനങ്ങളെ കൊണ്ടു വരുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

പൊങ്കാലയർപ്പിച്ചു മടങ്ങുന്ന ഭക്തജനങ്ങൾക്ക് ലഘുപാനീയങ്ങൾ നല്കുന്ന അവസരത്തിൽ മാർഗ്ഗ തടസ്സം വരാത്ത രീതിയിൽ വാഹനങ്ങൾ ഒതുക്കി നിർത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരു ജംഗ്ഷനിൽ തന്നെ എല്ലാ വാഹനങ്ങളും ലഘുപാനീയങ്ങൾ നൽകാനെന്ന പേരിൽ പിടിച്ചിടുവാൻ പാടുള്ളതല്ല. ലഘുപാനീയങ്ങൾ നല്കുന്ന ആൾക്കാർ റോഡിന്റെ ഇടത് വശത്തു നിന്നുമാത്രം ലഘുപാനീയങ്ങൾ വിതരണം നടത്തേണ്ടതാണ്.

ജംഗ്ഷനുകളിലും വീതികുറഞ്ഞ റോഡുകളിലും റോഡുപണി നടക്കുന്ന സ്ഥലങ്ങളിലും ഒരു കാരണവശാലും വാഹനങ്ങൾ പാർക്കുചെയ്യാൻ പാടുള്ളതല്ല.

പൊങ്കാല കഴിഞ്ഞ് മടങ്ങുന്ന അവസരത്തിൽ തിരക്ക് കൂട്ടാതെയും മിതമായ വേഗതയിലും മറ്റ് വാഹനങ്ങളെ ക്രമരഹിതമായി മറികടക്കാതെയും സുരക്ഷിതമായി വാഹനം ഓടിക്കേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിൻെറ മേൽപറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതു ജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

Phone Numbers: **0471-2558731**
**0471-2558732**

പോലീസ് അസിസ്റ്റൻറ് കമ്മീഷണർ,
ട്രാഫിക് നോർത്ത് & സൗത്ത്,
തിരുവനന്തപുരം സിറ്റി.